ഫാസ്റ്റ് ഫാസഞ്ചർ സർവീസ്.

153. [6] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നത്തൂർ താലൂക്കിൽ പറക്കോട്ട ചന്തയിലേക്കു പോകുന്ന യാത്രക്കാരെ ഉദ്ദേശിച്ച് അടൂർ നിന്നും പുനലൂർവരെ പാസ്റ്റ് പാസഞ്ചർ സർവീസ് ഏർപ്പെടുത്തുന്നതിനു ദയവുണ്ടാകുമോ?

ഉത്തരം.

ഇപ്പോൾ ഉദ്ദേശമില്ല.

ഏഴംകുളം പഞ്ചായത്തിലെ വികസനപ്രവർത്തനം.

154. [8] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴംകുളം പഞ്ചായത്തിൽ 1953-നുശേഷം 1963 ഡിസംബർ 31-ാംതീയതി വരെ ഏതെല്ലാം വികസനപ്രവർത്തനങ്ങളാണ് നടത്തി ;

(ബി) ഈ പഞ്ചായത്തിൽ ഏതെല്ലാം ഭാഗത്തേക്ക് ഇലക്ട്രിക് ലൈൻ നീട്ടുവാനുണ്ട് ;

(സി) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ നടക്കുവാനുണ്ട് ;

(ഡി) ഇതിലേക്കാവശ്യമുള്ള ഫണ്ട് ബ്ലോക്കിൽ നിന്നും ലഭിക്കുവാനുണ്ടോ ?

ഉത്തരം.

(എ) വിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് പ്രത്യേകം ചേർത്തിരിക്കുന്നു*.

(ബി) അറുകാലിക്കൽ പടിഞ്ഞാറ് ഏഴാംകുളംവടക്ക്, ഇളങ്ങമംഗല, എന്നീ വാർഡുകളിലേക്ക് ലൈൻ നീട്ടുവാനുണ്ട്.

(സി-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളൂ.

അടൂർ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾ.

155. [9] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ പഞ്ചായത്തിൽ 1953-നുശേഷം 1963 ഡിസംബർ 31-ാം തീയതി വരെ ഏതെല്ലാം വികസനപ്രവർത്തനങ്ങളാണ് നടത്തി ;

(ബി) ടി പഞ്ചായത്തിൽ ഏതേതു ഭാഗത്തു് ഇലക്ട്രിസിറ്റി ലൈൻ നീട്ടുവാനുണ്ട് ;

(സി) ഏതെല്ലാം ഇറിഗേഷൻ വർക്കുകൾ ടി പഞ്ചായത്തിൽ നടക്കുവാനുണ്ട് ;

(ഡി) ഇതിലേക്കാവശ്യമുള്ള ഫണ്ട് പഞ്ചായത്തിൽ നിന്നും ബ്ലോക്കിൽ നിന്നും ലഭിക്കാനുണ്ടോ?

* Appendix III.

LIBRARY ARCHIVES Kerala Legislative Assembly